**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1011** **10-08-2023 - ൽ മറുപടിയ്ക്ക്**

**ചന്ദനമരങ്ങളുടെ മോഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാനത്ത് എത്ര ചന്ദനമരങ്ങൾ മോഷണം നടന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഇതിലൂടെ എത്ര രൂപയുടെ നഷ്ടം വനംവകുപ്പിന് സംഭവിച്ചതായാണ് കണക്കാക്കിയിട്ടുള്ളത് ; വിശദാംശം വ്യക്തമാക്കുമോ; | (എ) | **മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ വിവിധ വനം സർക്കിളുകളിലായി സംസ്ഥാനത്ത് ആകെ 1741 ചന്ദനമരങ്ങളും ഒരു ചന്ദനമരക്കുറ്റിയും മോഷണം പോയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട 425 കേസുകളിൽ ചന്ദനത്തടികൾ പിടിച്ചെടുത്ത് സർക്കാർ ബന്തവസിലെടുത്തിട്ടുണ്ട്. നഷ്ടപ്പെട്ട ചന്ദനമരങ്ങൾക്ക് ആകെ 62,56,478/- രൂപയുടെ നഷ്ടം വനം വകുപ്പിന് സംഭവിച്ചിട്ടുണ്ട്.** |
| (ബി) | മേൽപ്പറഞ്ഞവയിൽ എത്ര കേസുകളിൽ പ്രതികളെ കണ്ടെത്തുന്നതിനും ചന്ദനത്തടി പിടിച്ചെടുക്കുന്നതിനും സാധിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ? | (ബി) | ചന്ദനത്തടികൾ നഷ്ടപ്പെട്ടതുമായി ബന്ധപ്പെട്ട് വിവിധ വനം സർക്കിളുകളിൽ നിലനിൽക്കുന്ന 389 കേസുകളിൽ പ്രതികളെ കണ്ടെത്തിയിട്ടുണ്ട്. 425 കേസുകളിൽ ചന്ദനത്തടികൾ പിടിച്ചെടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ